# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1837 15/07/2016-ൽ മറുപടിക്ക്

## ഗോത്രവിഭാഗങ്ങളുടെ പോഷകാഹാരക്കുറവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുള്ള : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പണിയർ, അടിയർ, മലമ്പണ്ടാരം, അരനാടൻ, മലപ്പുലയൻ എന്നീ ഗോത്രവിഭാഗങ്ങൾ അഭിമുഖീകരിക്കുന്ന ഗുരുതരമായ പോഷകാഹാരക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഗുരുതരമായ പോഷകാഹാരക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | പോഷകാഹാരക്കുറവ് അനുഭവപ്പെടുന്ന എല്ലാ കേന്ദ്രങ്ങളിലും ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ കേന്ദ്രങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | ബി) | പോഷകാഹാരക്കുറവ് പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) | ഇല്ലെങ്കിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്ന മറ്റ് സംവിധാനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ? | സി) | ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും, പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും, സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി ക്ഷേമ പദ്ധതികൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും, സാമൂഹ്യ നീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി പ്രതിമാസം 1000 രൂപ നിരക്കിൽ ആകെ 18 മാസം ധനസഹായം നൽകി വരുന്ന ജനനി ജന്മരക്ഷ പദ്ധതി, തെരെഞ്ഞെടുക്കപ്പെട്ട ന്യൂട്രിഷ്യൻ റീഹാബിലിറ്റേഷൻ സെന്റർ മുഖേന ഭാരക്കുറവുള്ള കുട്ടികൾക്ക് പ്രത്യേക ആരോഗ്യ പരിരക്ഷ, സാമൂഹ്യ നീതി വകുപ്പ് മുഖേന |

| | | | |
|---|---|---|---|
| | | | ആറ് മാസം മുതൽ ആറുവയസ്സുവരെയുള്ള കുട്ടികൾക്ക് പോഷകാഹാര ലഭ്യത, കുടുംബശ്രീ, എൻ.ആർ.എൽ.എം മുഖേന കമ്മ്യൂണിറ്റി കിച്ചൻ, ഭക്ഷ്യ ലഭ്യത ഉറപ്പുവരുത്തുന്നതിനായി പി.വി.ടി.ജി. വിഭാഗത്തിനും മറ്റു പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുമായി ഫുഡ് സപ്പോർട്ട് പ്രോഗ്രാം എന്നിവ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ ജനവിഭാഗത്തിന് എല്ലാപേർക്കും സമ്പൂർണ്ണ ആരോഗ്യം, പോഷകാഹാര ലഭ്യത, എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി ലക്ഷ്യപ്രാപ്തി നേടുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ